## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4077

16-05-2017 ൽ മറുപടിയ്ക്ക്

# മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.ഡി.സതീശൻ :<br>ശ്രീ. വി.എസ്.ശിവകുമാർ :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. എം.വിൻസെന്റ് : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കേരള സംസ്ഥാന മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | ഡ്രഡ്ജിംങ്ങിലൂടെ അഴിമുഖത്തിന്റേയും കപ്പൽ ചാനലിന്റേയും തുറമുഖ വാർഫിന്റേയും ആഴം വർദ്ധിപ്പിച്ച് തുറമുഖ വികസനം, മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനവും പരിപാലനത്തോടുമൊപ്പം തുറമുഖ വകുപ്പിന് കീഴിലുള്ള ചെറുതും വലുതുമായ യാനങ്ങളുടേയും ഉപകരണങ്ങളുടേയും സർട്ടിഫിക്കേഷന് ആവശ്യമായ സേവനങ്ങൾ നൽകലുമാണ് മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങൾ. |
| (ബി) കോർപ്പറേഷൻ വഴി നടത്തിവരുന്ന പദ്ധതി കളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | നിലവിൽ ബേപ്പൂർ തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങളും മുതലപ്പൊഴി ഫിഷിംഗ് ഹാർബറിന്റെ ഡ്രഡ്ജിംഗ് പ്രവർത്തികളും നടത്തിവരുന്നു. |
| (സി) സംസ്ഥാനത്തെ തുറമുഖങ്ങ ളിൽ കോർപ്പറേഷൻ എന്തെല്ലാം പ്രവൃത്തിക ളാണ് നടത്തിയിട്ടുള്ള തെന്ന് വിവരിക്കാമോ ? | (സി) | വിഴിഞ്ഞം, തങ്കശ്ശേരി, കൊടുങ്ങല്ലൂർ, മുനമ്പം ഫിഷിംഗ് ഹാർബർ, ബേപ്പൂർ, തൈക്കടപ്പുറം അഴി, കണ്ണൂർ അഴീക്കൽ തുടങ്ങിയ തുറമുഖങ്ങളിൽ ഡ്രഡ്ജിംഗ് പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ